പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1346 — 30.09.2011-ൽ മറുപടിയ്ക്ക്

മട്ടുപ്പാവിലെ പച്ചക്കറി കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി . ഡി സതീശൻ :<br>'' തേറമ്പിൽ രാമകൃഷ്ണൻ:<br>വർക്കല കഹാർ :<br>'' റ്റി. എൻ. പ്രതാപൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് 'മട്ടുപ്പാവിലെ പച്ചക്കറികൃഷി' പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ ടി പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഒരു വീട്ടിലേക്കാവശ്യമായ പച്ചക്കറികളുടെ ഏറിയ പങ്കും അതാത് വീടുകളിൽ തന്നെ ഉൽപ്പാദിപ്പിക്കുക. ജൈവ കൃഷി മുഖേന വിഷ വിമുക്തമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുക. ജനങ്ങളിൽ ഒരു കാർഷിക അവബോധം സൃഷ്ടിക്കുക എന്നിവയാണ് മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | ഇങ്ങനെ കൃഷിചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് ഹോർട്ടികോർപ്പ് നൽകാൻ ഉദ്ദേശിക്കുന്നത്; | (സി)ഹോർട്ടികോർപ്പ് വഴി ടി പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് | (ഡി) കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിവിധ വിളകളുടെ നടീൽ വസ്തുക്കൾ കൃഷി വകുപ്പ് മുഖേനയും അനുബന്ധ ഏജൻസികൾ മുഖേനയും |

| | |
|---|---|
| എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഗ്രാമപഞ്ചായത്തുകൾ വഴിയും നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ വഴി കൃഷിക്കാർക്ക് നൽകി വരുന്നു. |

Sherly P

സെക്ഷൻ ഓഫീസർ